**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 110** **10-10-2024 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ ഭക്ഷ്യവിതരണം ചെയ്യുന്നവരുടെ തൊഴിൽ സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഓൺലൈൻ വഴി ഭക്ഷ്യവിതരണം നടത്തുന്ന തൊഴിലാളികളുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | ഈ മേഖലയിൽ ജോലി നോക്കുന്നവർക്ക് ലഭിക്കുന്ന വേതനം അപര്യാപ്തമാണെന്നത് പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. ഓൺലൈൻ ഭക്ഷണവിതരണ കമ്പനിയായ സ്വിഗ്ഗിയിലെ പേയ്മെന്റ് സംവിധാനത്തിലെ അപാകത സംബന്ധിച്ച് ടി മേഖലയിൽ ജോലി ചെയുന്ന തൊഴിലാളികളുടെ നിരവധി പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി മേഖലയിലെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം എന്ന നിലയിൽ ഓൺലൈൻ ഭക്ഷണ വിതരണ കമ്പനികൾക്ക് പൊതുവായ മാർഗ്ഗനിർദ്ദേശം കൊണ്ടുവരുന്നതിനായി സാങ്കേതിക രംഗത്ത് വൈദഗ്ദ്ധ്യമുള്ള പ്രതിനിധികളെ ഉൾപ്പെടുത്തി 27.07.2024 ലെ സ.ഉ(സാധാ)നം. 802/2024/ തൊഴിൽ പ്രകാരം ടെക്നിക്കൽ കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ടി തൊഴിലാളികളുൾപ്പെടെയുള്ള പ്ലാറ്റ്ഫോം അധിഷ്ഠിത ഗിഗ് തൊഴിലാളികൾക്ക് ന്യായമായ വേതനവും പേയ്മെന്റ് സംവിധാനത്തിലെ സുതാര്യതയും ഉറപ്പാക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ഇവരുടെ തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനും സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ? | (സി) | ഓൺലൈൻ ഭക്ഷണ വിതരണ രംഗത്തെ തൊഴിലാളികൾ ഉൾപ്പെടെയുള്ള പ്ലാറ്റ്ഫോം അധിഷ്ഠിത ഗിഗ് തൊഴിലാളികളുടെ തൊഴിൽ സുരക്ഷ ഉറപ്പുവരുത്തുന്നതിനും സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനുമായി സംസ്ഥാന തലത്തിൽ ടി മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുതകുന്ന സമഗ്രമായ നിയമ നിർമ്മാണം സജീവ പരിഗണനയിലാണ്. ആയതിലേക്കായി നടന്ന ചർച്ചകളുടേയും നിർദ്ദേശങ്ങളുടേയും |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ കേരള സംസ്ഥാന പ്ലാറ്റ്ഫോം അധിഷ്ഠിത ഗിഗ് തൊഴിലാളി (രജിസ്ട്രേഷനും ക്ഷേമവും) കരട് ബിൽ തയ്യാറാക്കിയിട്ടുണ്ട്. ഓൺലൈൻ പ്ലാറ്റ്ഫോം മേഖലയിലെ തൊഴിലാളികളെയും അഗ്രഗേറ്റർമാരേയും ഉൾപ്പെടുത്തി ഒരു ശില്പശാല സംഘടിപ്പിക്കുകയും പ്രസ്തുത ശില്പശാലയിൽ ലഭിച്ച പ്രതികരണങ്ങൾ പരിഗണിച്ച് ബില്ലിൽ ആവശ്യമായ ഭേദഗതികൾ ഉൾക്കൊള്ളിച്ച് പുതുക്കിയ കരട് ബിൽ തയ്യാറാക്കി വരുന്നു.. നിയമ നിർമ്മാണത്തിനാവശ്യമായ മറ്റ് നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ